**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2879** **10-03-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ കാരണമുള്ള കൃഷിനാശത്തിന് വനം വകുപ്പ് നൽകിവരുന്ന നഷ്ടപരിഹാരത്തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങൾ കാരണമുള്ള കൃഷിനാശത്തിന് വനവകുപ്പ് നൽകിവരുന്ന നഷ്ടപരിഹാരത്തുക ഏറ്റവും ഒടുവിൽ എന്നാണ് പരിഷ്കരിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) | 2015 ലാണ് ഓരോ വിളയ്ക്കും നൽകാവുന്ന നഷ്ടപരിഹാര നിരക്ക് പരിഷ്കരിച്ചിട്ടുള്ളത്. എന്നാൽ വിള നഷ്ടത്തിന് നൽകാവുന്ന പരമാവധി നഷ്ടപരിഹാര തുക അവസാനമായി 2018 ൽ പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായി വർദ്ധനവ് വരുത്താത്തത് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായി വർദ്ധനവ് വരുത്തുന്ന കാര്യവും വന്യജീവി സംഘർഷ ബാധിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും വിതരണരീതിയും കാലോചിതമായി പരിഷ്കരിക്കുന്ന കാര്യവും സർക്കാർ പരിഗണനയിലാണ്. |
| (സി) | നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനുള്ള കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി പുതിയ എന്തെങ്കിലും കർമ്മപദ്ധതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | വന്യമൃഗങ്ങൾ കാരണമുള്ള കൃഷിനാശത്തിന് 2023-24 സാമ്പത്തിക വർഷം വരെയുള്ള അപേക്ഷകളിൽ മതിയായ രേഖകൾ ഹാജരാക്കിയിട്ടുള്ളവർക്കെല്ലാം അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷമായ 2024-25 ൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് മതിയായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും നഷ്ടപരിഹാരം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ